## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3371** **14.03.2018 ൽ മറുപടിയ്ക്ക്**

## ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യനീതി വകുപ്പിൽ ചൈൽഡ് വെൽഫയർ ഇൻസ്പെക്ടറുടെ എത്ര തസ്തികകൾ നിലവിലുണ്ട്; എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ; | (എ) | സാമൂഹ്യനീതി വകുപ്പിൽ ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർമാരുടെ 19 തസ്തികകൾ നിലവിലുണ്ട്. നിലവിൽ 9 ഒഴിവുകളുണ്ട്. |
| (ബി) | ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർമാരുടെ പ്രധാന ചുമതലകളും ഉത്തരവാദിത്തങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | സാമൂഹ്യ നീതി ഡയറക്ടറുടെ 12.09.2012 ലെ ഇ 7/20341/12 നമ്പർ ഉത്തരവ് പ്രകാരം ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർമാർക്ക് ചുവടെ പറയുന്ന ചുമതലകൾ നൽകിയിട്ടുണ്ട്.<br>**1.** ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിൽ പ്രവേശനം നൽകുന്നവരുടെ പൂർണ്ണ വിവരങ്ങൾ ശേഖരിക്കുക.<br>**2.** ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിൽ എത്തപ്പെടുന്നവർക്ക് അനുയോജ്യമായ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനുമുള്ള നടപടികൾ സ്വീകരിയ്ക്കുന്നതിന് സൂപ്രണ്ടിനെ സഹായിക്കുക.<br>**3.** ക്ഷേമ സ്ഥാപനങ്ങളിലെ സ്റ്റോക്ക് രജിസ്റ്റർ എഴുതുക. സ്റ്റോറിന്റെ ചുമതല വഹിക്കുക.<br>**4.** ചൈൽഡ് വെൽഫയർ കമ്മിറ്റികളുടെയും ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെയും പ്രവർത്തനങ്ങളുടെ ഭാഗമായിട്ടുള്ള ജോലികളുടെ ചുമതല.<br>**5.** അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തപ്പെടുന്ന കുട്ടികളെ തിരികെ സ്വദേശത്ത് എത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കുന്നതിനുള്ള ചുമതല.<br>**6.** സ്ഥാപനത്തിൽ പ്രവേശിക്കപ്പെട്ട കുട്ടിയുടെ തുടർ വിവരങ്ങൾ സ്ഥിരമായി ശേഖരിക്കുകയും കുട്ടി സ്ഥാപനം വിട്ടുപോയി 3 വർഷം വരെയുള്ള വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുക.<br>**7.** സ്ഥാപനത്തിലെ കെയർടേക്കർമാരുടെ ഡ്യൂട്ടി പരിശോധിക്കുക, മേൽനോട്ടം വഹിക്കുക.<br>**8.** സ്ഥാപനത്തിലെ ലൈബ്രറി, കുട്ടികളുടെ റിക്രിയേഷൻ ആക്ടിവിറ്റീസ് എന്നിവയുടെ ചുമതല വഹിക്കുക. |

സെക്ഷൻ ഓഫീസർ.